# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1755

16.03.2015 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളും ആനുകൂല്യങ്ങളും താഴെ വിവരിക്കുന്നു.<br>ന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തിക്കൊണ്ടു വരുന്നതിനായി ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ടി സ്ഥാപനം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. <u>സ്വയം തൊഴിൽ സംരംഭ വായ്പ</u><br>3 ശതമാനം മുതൽ 6 ശതമാനം വരെയുള്ള പലിശ നിരക്കിൽ 10 ലക്ഷം രൂപവരെ ഒരാൾക്ക് നൽകുന്നു.<br>2. <u>വിദ്യഭ്യാസ വായ്പ</u><br>(സ്വദേശത്തും വിദേശത്തും പഠിക്കുന്നതിന്) 3% നിരക്കിൽ പരമാവധി (10ലക്ഷം രൂപ സ്വദേശത്തും 20 ലക്ഷം രൂപ വിദേശത്തും)<br>3. <u>മൈക്രോഫിനാൻസ്</u><br>3 വർഷത്തെ പ്രവർത്തന മികവു തെളിയിച്ച ചെറുകിട യൂണിറ്റുകൾക്ക് NGO/CDS വഴി 2% നിരക്കിൽ പരമാവധി 25 ലക്ഷം രൂപ നൽകുന്നു.<br><u>സ്വന്തം ഫണ്ടിൽ നിന്നുള്ളവ :</u><br>1. സ്വയം തൊഴിൽ വായ്പ : 3 ശതമാനം മുതൽ 6 ശതമാനം വരെയുള്ള പലിശ നിരക്കിൽ 10 ലക്ഷം രൂപ വായ്പ നൽകുന്നു.<br>2. പ്രവാസി സ്വയം തൊഴിൽ വായ്പ : 5 % നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ നൽകും.<br>3. നിതാഖാത് സ്വയം തൊഴിൽ വായ്പ : 3% നിരക്കിൽ 5 ലക്ഷം രൂപ വായ്പ വരെ നൽകും.<br>4. പ്രൊഫഷണൽ വിദ്യഭ്യാസ വായ്പ : 3% പലിശ നിരക്കിൽ (സ്റ്റുഡന്റ്സ് പ്ലസ്, പാരന്റ് പ്ലസ്)<br>5. ബിസിനസ് ഡവലപ്മെന്റ് വായ്പ: 7% നിരക്കിൽ 300000/- രൂപ വരെ വായ്പ നൽകും.<br>6. ഉദ്യോഗസ്ഥർക്കുള്ള ഭവന പുനരുദ്ധാരണ /വാഹന വായ്പ 7%നിരക്കിൽ 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.<br>7. സൗജന്യ തൊഴിൽ പരിശീലന കോഴ്സുകൾ: വ്യക്തികളുടെ അഭിരുചിക്കനുസൃതമായി 6 മാസ |

കാലാവധിയിൽ അധികരിക്കാത്ത Skill Development Training Courseകളിൽ സൗജന്യ പരിശീലനം നൽകുന്നു. ഒരാൾക്ക് ഫീസിനത്തിൽ പ്രതിമാസം 2000/- രൂപയും, സ്റ്റൈപ്പെന്റായി 1000/- രൂപയും നൽകും.

| | | | |
|---|---|---|---|
| (ബി) | ഓരോ ആനുകൂല്യത്തിനുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ ? | (ബി) | കോർപ്പറേഷന്റെ വിവിധ പദ്ധതികളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ചിട്ടുള്ള മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവർക്കാണ് കോർപ്പറേഷന്റെ ആനുകൂല്യ-ങ്ങൾ ലഭിക്കുക. ഗ്രാമീണ മേഖലയിൽ 81000/- രൂപയും നഗരങ്ങളിൽ 10,3000/- രൂപയുമാണ് കുടുംബ വാർഷിക വരുമാന പരിധി. ഓരോ വായ്പക്കും കോർപ്പറേഷന്റെ നിയമാവലി അനുസരിച്ചുള്ള ഉദ്യോഗസ്ഥ/വസ്തു ജാമ്യം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ